വി.ആർ. 248106/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
20-09-2021

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ശാസ്ത്രരംഗം - സർഗ്ഗം 2021 - അദ്ധ്യാപകർക്കുള്ള ശാസ്ത്രസാഹിത്യരചനാ ശില്പശാല സംബന്ധിച്ച്.

ശാസ്ത്രരംഗം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 'സർഗ്ഗം 2021' എന്ന പേരിൽ സംസ്ഥാനതലത്തിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗം അദ്ധ്യാപകർക്കായി ശാസ്ത്രസാഹിത്യത്തെ ആസ്പദമാക്കി രചനാ പരിശീലന ശില്പശാല സംഘടിപ്പിക്കുന്നു. അദ്ധ്യാപകർക്ക് ശാസ്ത്രസാഹിത്യ മേഖലയിൽ താല്പര്യം വളർത്തുകയും ശാസ്ത്രസാഹിത്യം രചിക്കുന്നതിന് പ്രചോദനമാവുകയും ചെയ്യുക എന്നതാണ് ശില്പശാലയുടെ ഉദ്ദേശ്യം. ശാസ്ത്രസാഹിത്യത്തിൽ തല്പരരും ശാസ്ത്രരചനകളിൽ സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള അദ്ധ്യാപകർക്ക് ശില്പശാലയിൽ പങ്കെടുക്കാം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ശാസ്ത്രസാഹിത്യവുമായി ബന്ധപ്പെട്ട ഒരു രചന അയച്ചുതരേണ്ടതാണ്. ശാസ്ത്രകഥകൾ, കവിതകൾ, ശാസ്ത്രനോവൽ, ശാസ്ത്രനാടകം, ലേഖനം, ശാസ്ത്രഗ്രന്ഥങ്ങൾ തുടങ്ങിയവ അയയ്ക്കാവുന്നതാണ്. അയയ്ക്കുന്ന രചനകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 30 പേർക്കാണ് ശില്പശാലയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. ശാസ്ത്രസാഹിത്യരംഗത്തെ പ്രശസ്തർ നയിക്കുന്ന ശില്പശാലയിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയും താമസസൗകര്യവും ലഭ്യമാക്കും. 2021 നവംബർ-ഡിസംബർ മാസങ്ങളിൽ മൂന്നു ദിവസങ്ങളിലായിരിക്കും ശില്പശാല നടക്കുക. ശില്പശാലയുടെ കൃത്യമായ തീയതിയും വേദിയും പിന്നീട് അറിയിക്കുന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും ശില്പശാല സംഘടിപ്പിക്കുക. അദ്ധ്യാപകരുടെ രചനകൾ എഡിറ്റർ, ശാസ്ത്രരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ 2021 ഒക്ടോബർ 20-ന് മുമ്പ് ലഭിക്കേണ്ടതാണ്. രചനകൾ അയയ്ക്കുന്ന കവറിനു പുറത്ത് 'സർഗ്ഗം 2021' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അയയ്ക്കുന്ന സൃഷ്ടിയുടെ കൂടെ ഇതോടൊപ്പമുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്. അയയ്ക്കുന്ന രചനകളിൽ അദ്ധ്യാപകരുടെ പേരോ സ്കൂളോ രേഖപ്പെടുത്താൻ പാടില്ല (പുസ്തകങ്ങളൊഴികെ). അദ്ധ്യാപകർക്കുള്ള അറിയിപ്പ് സ്കൂൾ ഇ-മെയിൽ വിലാസം വഴിയാകും നൽകുക. അപേക്ഷാഫോമിൽ സ്കൂൾ ഇ-മെയിൽ വിലാസം കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്.

ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഈ സർക്കുലർ എല്ലാ സ്കൂളുകളിലും എത്തിക്കേണ്ടതും ഹെഡ്മാസ്റ്റർമാർ/പ്രിൻസിപ്പൾമാർ അദ്ധ്യാപകർക്ക് ശില്പശാലയെക്കുറിച്ചുള്ള വിവരം നൽകേണ്ടതുമാണ്.

**ജീവൻബാബു കെ.** ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

- സി.ഇ.ഒ., കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
- ജോയിന്റ് ഡയറക്ടർ (അക്കാഡമിക്), ഹയർ സെക്കന്ററി വിഭാഗം
- ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം
- എല്ലാ ആർ.ഡി.ഡി.മാർ
- എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
- എല്ലാ എ.ഡി.മാർ (വി.എച്ച്.എസ്.ഇ.)
- എല്ലാ പ്രിൻസിപ്പൾമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി.മാർ മുഖേന)
- എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ പ്രാധാനാദ്ധ്യാപകർ (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

## അപേക്ഷാഫോറത്തിന്റെ മാതൃക

**സർഗം 2021**

1. രജിസ്റ്റർ നമ്പർ (ഓഫീസ് ഉപയോഗം) :

5. അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ ഫോൺ നമ്പർ (വാട്സാപ്പ് നമ്പർ) :

6. സ്കൂളിന്റെ ഇ-മെയിൽ :

7. അദ്ധ്യാപകന്റെ ഒപ്പ് :

## പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകന്റെ സർട്ടിഫിക്കറ്റ്

ശ്രീ./ശ്രീമതി.............................................................................. ഈ വിദ്യാലയത്തിൽ .............................. വിഭാഗത്തിൽ ജോലി നോക്കുന്നു. ശാസ്ത്രരംഗം അദ്ധ്യാപകശില്പശാലയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ വേണ്ടി അയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അദ്ധ്യാപകൻ രചിച്ചതാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകന്റെ ഒപ്പ്

തീയതി : സ്കൂളിന്റെ പേര്

സ്കൂൾ സീൽ

---

**അപേക്ഷാഫോറത്തിന്റെ ഫോട്ടോകോപ്പിയിലോ ടൈപ്പ് ചെയ്തെടുത്ത കോപ്പിയിലോ വേണം പൂരിപ്പിച്ച് അയയ്ക്കേണ്ടത്.**